# സെന്റ് പോൾസ് എൽ. പി. എസ്

# തുരുത്തിപ്പറമ്പ്




## വിഷൻ 100- അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-'26

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതിരൂപീകരണപ്രക്രിയ - വിവിധഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവവൈവിധ്യപാർക്ക് രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം, മുൻവർഷങ്ങളിൽ
4. SSA – RMSA പദ്ധതിക്കായി തയ്യാറാക്കിയ വിവിധപട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ, അംഗങ്ങളുടെ പട്ടിക

# വിദ്യാലയവിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : സെന്റ്. പോൾസ്. എൽ. പി. എസ്. തുരുത്തിപ്പറമ്പ് |
| 2. | വിലാസം | : തുരുത്തിപ്പറമ്പ്, പി. ഒ. അണ്ണല്ലൂർ, 680731 |
| 3. | ഫോൺ നമ്പർ | : 0480 2712699, 8086818599 |
| 4. | സ്ക്കൂൾ കോഡ് | : 23539 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : മാള |
| 6. | വിദ്യാഭ്യാസ ജില്ല | : ഇരിങ്ങാലക്കുട |
| 7. | റവന്യൂ ജില്ല | : തൃശൂർ |
| 8. | ബി. ആർ. സി | : മാള |
| 9. | സി. ആർ. സി | : കൊമ്പിടിഞ്ഞാമാക്കൽ |
| 10. | ഗ്രാമപഞ്ചായത്ത് | : ആളൂർ |
| 11. | ബ്ലോക്ക് പഞ്ചായത്ത് | : ഇരിഞ്ഞാലക്കുട |
| 12. | ജില്ലാപഞ്ചായത്ത് | : മാള |
| 13. | നിയമസഭാമണ്ഡലം | : ഇരിങ്ങാലക്കുട |
| 14. | ലോകസഭാമണ്ഡലം | : തൃശൂർ |
| 15. | താലൂക്ക് | : മുകുന്ദപുരം |
| 16. | വില്ലേജ് | : ആളൂർ |
| 17. | ഇ മെയിൽ | : stpauls1953@gmail.com |
| 18. | വെബ് സൈറ്റ് | : ഇല്ല |
| 19. | സ്ക്കൂൾ വിക്കി | : St.Paul's L.P.S.Thuruthiparambu |

# 1. ആമുഖം

ആളൂർ ഗ്രാമപഞ്ചായത്തിലെ തുരുത്തിപ്പറമ്പ് എന്ന ഗ്രാമത്തിലാണ് സെന്റ് പോൾസ് എൽ. പി. സ്ക്കൂൾ. വയലുകളാൽ ചുറ്റപ്പെട്ട ഒരു തുരുത്തായതിനാലാണ് ഇതിനെ തുരുത്തിപ്പറമ്പ് എന്ന് വിളിക്കുന്നത്. ഇടവക ദേവാലയത്തിനോട് തൊട്ടരികിലാണ് ഈ വിദ്യാലയം. അതിനാൽ ദൈവാനുഗ്രഹപ്രദമാണ് ഇവിടം. തുരുത്തിപ്പറമ്പ് ദേശത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന ഈ സ്ക്കൂൾ കഴിഞ്ഞ 72 വർഷമായി വളരെ മികച്ച ഒരു വിദ്യാലയമായി പ്രവർത്തിച്ചുവരുന്നു. മക്കൾക്കു നല്ല വിദ്യാഭ്യാസം നൽകാൻ എന്തും ത്യാഗവും സഹിക്കാൻ മാതാപിതാക്കൾ സന്നദ്ധരാണ്. എങ്കിലും സാമ്പത്തികസ്ഥിതിയും കുടുംബസാഹചര്യവും നല്ല നിലവാരത്തിലേയ്ക്കുയർത്താൻ കുറച്ചുപേർക്കെങ്കിലും സാധിക്കാത്ത അവസ്ഥയുമു ്. ഒന്നു മുതൽ നാലു വരെയുള്ള ഈ എയിഡഡ് സ്ക്കൂളിൽ കുട്ടികളുടെ പഠനനിലവാരമുയർത്താൻ ആഗ്രഹിച്ചുകൊ ് ഹെഡ്മിസ്ട്രസ്സുൾപ്പെടെ എല്ലാ അധ്യാപകരും തീവ്രപരിശ്രമം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഗുണമേന്മയുള്ള സമഗ്രവികസനത്തിന്റെ നിലവാരത്തിലേയ്ക്ക് വിദ്യാലയത്തെ ഉയർത്തുവാൻ വർഷാരംഭത്തിനുമുമ്പുതന്നെ സ്റ്റാഫംഗങ്ങളും പി. ടി. എ , എം. പി. ടി. എ , എസ്. എസ്. ജി, പൂർവ്വ വിദ്യാർഥികൾ, അഭ്യുദയകാംക്ഷികൾ, വാർഡ് മെമ്പർ തുടങ്ങി എല്ലാവരും ഒന്നുചേർന്ന് വിദ്യാലയത്തിന്റെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് നല്ല തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു.

## 2. ലക്ഷ്യം

1. കുട്ടികളുടെ അക്കാദമിക നിലവാരമുയർത്തുക.
2. കുട്ടികളുടെ സമഗ്ര വ്യക്തിത്വവികസനം ഉറപ്പുവരുത്തുക.
3. കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിന്റെ ഭാഗമായി നടത്തുന്ന അസംബ്ലിയിൽ ഉൾപ്പെടുത്തുന്ന പ്രാർഥന, പ്രതിജ്ഞ, സദ്ചിന്തകൾ പങ്കുവയ്ക്കൽ, അനുദിന വാർത്തകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട അവതരണങ്ങൾ തുടങ്ങിയവ വഴി ജീവിതചര്യയ്ക്ക് അടുക്കും ചിട്ടയും അറിവും പ്രദാനം ചെയ്യുന്നതോടൊപ്പം പഠനത്തിൽ താല്പര്യം ജനിപ്പിക്കുകയും പഠിച്ചവ ഒരിക്കൽകൂടി ഉറപ്പിക്കുകയും ചെയ്യുക.
4. ദൃശ്യ മാധ്യമങ്ങളുടെ സഹായത്തോടെ വൈവിധ്യമാർന്ന പരിപാടികൾ നടത്തപ്പെടുന്നതുവഴി ദേശ സ്നേഹം, മഹത്വ്യക്തികളുടെ ജീവിതമാതൃക, ജീവിതമൂല്യങ്ങൾ സ്വായത്തമാക്കൽ, പരിസ്ഥിതി സംരക്ഷണം, ചരിത്രത്തിലേയ്ക്ക് എത്തിനോക്കൽ, ബൗദ്ധിക വികാസം എന്നിവ കുട്ടികളിൽ രൂഢ മൂലമാക്കുക.
5. കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും മികവു ാക്കാൻ കലാ- കായിക- പ്രവൃത്തിപ രിചയ-ശാസ്ത്ര-ഗണിതശാസ്ത്ര മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരങ്ങൾ ഉ ാക്കുക.
6. നിരന്തരമൂല്യനിർണയവും ഓരോ ടേമിലും നടത്തുന്ന മൂല്യനിർണയവും വഴി പഠനനിലവാരം വിലയിരുത്തി സമ്മാനങ്ങൾ, എൻഡോവ്മെന്റ്, മെഡൽ വിതരണം തുടങ്ങിയവയിലൂടെ കുട്ടികളുടെ പഠനത്തിന് പ്രോത്സാഹനം നൽകുക.
7. ഒരു അധ്യയനവർഷത്തിന്റെ മുഴുവൻ പ്രകടനമെന്ന നിലയിൽ നടത്തപ്പെടുന്ന വാർഷികാഘോഷം ഈ നാടിന്റെത്തന്നെ ഒരു ഉത്സവമാക്കുക.

# 3. വിദ്യാലയത്തിന്റെ ചരിത്രം

തുരുത്തിപ്പറമ്പ് ഗ്രാമത്തിൽ ഒരു സ്ക്കൂൾ ഇല്ലാതിരുന്നതുകൊ ് ഈ പ്രദേശത്തെ കുട്ടികൾ പടിഞ്ഞാറെ ചാലക്കുടി സെന്റ് ആന്റണീസ് സ്കൂളിൽ പോയാണ് അധ്യയനം നടത്തിയിരുന്നത്. കാലവർഷത്തിലും തുലാവർഷത്തിലുമൊക്കെ വെള്ളപ്പൊക്കം മൂലം കടത്തുകടന്നാണ് കുട്ടികൾ വിദ്യാലയത്തിലേയ്ക്ക് പോയിരുന്നത്. 1952 ൽ യാദൃശ്ചികമായി സ്കൂൾ കുട്ടികളുടെ കടത്തുവഞ്ചി മുങ്ങുകയും ഒരു കുട്ടി മരിക്കാൻ ഇടയാവുകയും ഉ ായി. ഈ ദാരുണ സംഭവംമൂലം തുരുത്തിപ്പറമ്പ് ദേശവാസികൾ കുഞ്ഞു മക്കളെ പഠിപ്പിക്കുവാൻ ഒരു എൽ. പി. സ്കൂൾ തുടങ്ങുവാൻ കോട്ടാറ്റ് പ്രദേശത്ത് വിദ്യാലയം നടത്തിപ്പോന്നിരുന്ന സിസ്റ്റേഴ്സിനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസസഭയിലെ സഹോദരിമാർ ആ ദൗത്യം ഏറ്റെടുത്തു. 1953 മെയ് മാസം സ്കൂളിന് അനുമതി ലഭിക്കുകയും 4 ക്ലാസ്സു മുറികൾ പണിത് 1/6/1953 ൽ സെന്റ് പോൾസ് എൽ. പി സ്കൂൾ എന്ന പേരോടെ അധ്യയനം ആരംഭിക്കുകയും ചെയ്തു. കോട്ടാറ്റ് സെന്റ് ജോൺ ബാപ്റ്റിസ്റ്റ് കോൺവെന്റിൽ നിന്ന് സിസ്റ്റേഴ്സ് വന്നാണ് അധ്യാപനം നടത്തിയിരുന്നത്.

1968 ആയപ്പോഴേയ്ക്കും കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ ഓരോ ക്ലാസ്സും 2 ഡിവിഷൻ വീതമാക്കി. വിദ്യാലയം നല്ല നിലയിൽ പ്രവർത്തിച്ചു വന്നു. 1998 ൽ വിദ്യാലയത്തിന് മാള സബ്ജില്ലയിലെ ബെസ്റ്റ് സ്കൂൾ എന്ന പദവി കരസ്ഥമാക്കാൻ കഴിഞ്ഞു.

പ്രീ. കെ. ഇ. ആർ പ്രകാരമുള്ള കെട്ടിടങ്ങൾ പൊളിച്ച് പോസ്റ്റ് കെ. ഇ. ആർ പ്രകാരമുള്ള കെട്ടിടം പണിയണമെന്നുള്ള ഗവണ്മെന്റ് നിർദ്ദേശപ്രകാരം 60 വർഷം പഴക്കമുള്ള കെട്ടിടം പൊളിച്ച് കോൺവെന്റി നോട് ചേർന്ന് ഒരു കെട്ടിടം മാനേജ്മെന്റ് പണിയുകയും 2012 ജൂൺ 3 ന് ഇന്നു കാണുന്ന പുതിയ വിദ്യാലയം പണിതീർത്ത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വർഷംതോറും കലാകായിക പ്രവർത്തി- പരിചയ- ശാസ്ത്ര- ഗണിത- ശാസ്ത്ര മത്സരങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനത്തിന് അർഹരായി വരുന്നു. 2017 പുതുവർഷത്തിൽ മണിയുടെ ആകൃതിയിൽ ഒരു പീഠം ഉണ്ടാക്കി മാതാവിനെ വിദ്യാലയത്തിൽ സ്ഥാപിച്ചു. 2022 ൽ ICIC ഫൗണ്ടേഷന്റെ സഹായത്തോടെ 8 സോളാർപാനലുകൾ

സ്ഥാപിച്ചു. 2024 ൽ നമ്മുടെ വിദ്യാലയത്തെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു. എക്കോ ക്ലബ്ബ് ഫോർ ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ തലത്തിലേക്ക് കേരളത്തിൽ പ്രതിനിധീകരിച്ച് നമ്മുടെ വിദ്യാലയത്തിൽ നിന്നെടുത്ത ചിത്രം തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ ഈ വിദ്യാലയത്തിൽ 74 വിദ്യാർഥി-വിദ്യാർഥിനികൾ അധ്യയനം നടത്തുന്നു.

## 4. വിദ്യാലയം-മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

❖ 1998 ൽ വിദ്യാലയത്തിന് മാള സബ്ജില്ലയിലെ ബെസ്റ്റ് സ്കൂൾ എന്ന പദവി കരസ്ഥമാക്കാൻ കഴിഞ്ഞു.

❖ 2012 ജൂൺ 3 ന് ഇന്നു കാണുന്ന പുതിയ വിദ്യാലയം ഉദ്ഘാടനം ചെയ്തു.

❖ ഈ വിദ്യാലയത്തിലെ കുട്ടികൾ ഉപജില്ലാ ജില്ലാ തലങ്ങളിൽ കലാ - കായിക - പ്രവൃത്തിപരിചയ - ശാസ്ത്ര - ഗണിതശാസ്ത്ര മത്സരങ്ങളിൽ പങ്കെടുക്കുകയും മികച്ച നേട്ടം കൈവരിക്കാനും ധാരാളം സമ്മാനങ്ങൾ കരസ്ഥമാക്കാനും സാധിക്കുന്നു.

❖ 2014 ൽ വിദ്യാരംഗം കലാസാഹിത്യ വേദി ഉപജില്ലാ മത്സരത്തിൽ നമ്മുടെ സ്കൂളിന് ഓവറോൾ ഫസ്റ്റ് നേടുവാൻ കഴിഞ്ഞു.

❖ 2017 2018 മുതൽ തുടർച്ചയായി രണ്ടും മൂന്നും കുട്ടികൾ വീതം എൽ .എസ് .എസ് സ്കോളർഷിപ് കരസ്ഥമാക്കിവരുന്നു .

❖ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുന്നു.

❖ ദൂരക്കൂടുതലുള്ള കുട്ടികളുടെ യാത്രാസൗകര്യത്തിനായി വിദ്യാലയത്തിന് സ്വന്തമായി ഒരു വാഹനം ഉ ്.

❖ ശുചിത്വം, ദീനാനുകമ്പ, സ്നേഹം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യമൊരുക്കുന്നു.

❖ പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേകപരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കുന്നു.

❖ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായും കൃഷിയോട് താല്പര്യം ജനിപ്പിക്കത്തക്കരീതിയിലും തണൽ വൃക്ഷങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ നട്ടുപിടിപ്പിച്ച് ജൈവവൈവിധ്യപന്തൽ ഒരുക്കുന്നു.

- ജലജീവികൾ, സസ്യങ്ങൾ എന്നിവയെ അറിയാൻ ചെറിയ ഒരു ജലഉദ്യാനം ഒരുക്കുന്നു.
- ഹൈടെക് വിദ്യാലയത്തിന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ആദ്യപടിയായി പൂർവ്വവിദ്യാർത്ഥികൾ സംഭാവനചെയ്ത എൽ. സി. ഡി. പ്രൊജക്റ്ററും മാനേജ്മന്റ് 2018 -ൽ എല്ലാ ക്ലാസ്സുകളിലും സ്മാർട്ട് ടി.വിയും തയ്യാറക്കിയീട്ടുണ്ട് . 2019 -ൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രൈമറിസ്കൂൾ ഹൈടെക് ലാബ് പദ്ധതി പ്രകാരം ഈ വിദ്യാലയത്തിലേക്ക് 5 ലാപ്ടോപ്പ് , 5 USB സ്പീക്കർ , 2 പ്രൊജക്ടർ എന്നിവ ലഭിച്ചു .അതുപയോഗിച്ചു പഠനം നടത്തിവരുന്നു.
- 2019 ൽ ശാസ്ത്രമേള ഉപജില്ല തലത്തിൽ ഓവറോൾ സെക്കൻഡ് ലഭിച്ചു.
- 2022 ൽ ഉപജില്ല കലോത്സവത്തിനും കായികമേളയിലും ഓവറോൾ മൂന്നാം സ്ഥാനം ലഭിച്ചു
- 2024 ൽ നമ്മുടെ വിദ്യാലയത്തെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു.
- എക്കോ ക്ലബ്ബ് ഫോർ ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ തലത്തിലേക്ക് കേരളത്തിൽ പ്രതിനിധീകരിച്ച് നമ്മുടെ വിദ്യാലയത്തിൽ നിന്നെടുത്ത ചിത്രം തിരഞ്ഞെടുക്കപ്പെട്ടു.

## 5. പദ്ധതിരൂപീകരണപ്രക്രിയ-വിവിധ ഘട്ടങ്ങൾ

- എസ്. ആർ. ജി. യോഗത്തിൽ "തുരുത്തിപ്പറമ്പ് സെന്റ് പോൾസ് സ്കൂൾ വിഷൻ " എന്ന വികസന കാഴ്ചപ്പാട് അവതരണം, ചർച്ച.
- വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതീകം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ കരടുരൂപരേഖ തയ്യാറാക്കുന്നു.
- രൂപരേഖ എസ്. ആർ. ജി, പി. ടി. എ, എം. പി. ടി. എ, എസ്. എസ്. ജി, വാർഡ് മെമ്പേഴ്സ് തുടങ്ങിയവരടങ്ങുന്ന യോഗത്തിലവതരിപ്പിക്കൽ - നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- പി. ടി. എ. യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

# 6. നിലവിലെ അവസ്ഥാ വിശകലനം

## A. ഭൗതികം - നേട്ടങ്ങൾ

ഒരു ഓഫീസ് റൂം, 6 ക്ലാസ്സ് മുറികൾ, ഒരു സ്റ്റേജ്, ഒരു അടുക്കള, സ്റ്റോർറൂം, മഴവെള്ളസംഭരണി, ആൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ്, പെൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ്, കുടിവെള്ള സൗകര്യം, ചുറ്റു മതിൽ, കളിസ്ഥലം, റാമ്പ് വിത്ത് ഹാന്റെറെയിൽ, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, എൽ. സി. ഡി. പ്രൊജക്റ്റർ, സ്ക്രീൻ, നോട്ടീസ് ബോർഡ്, ഫോൺ, ഷെൽഫ് എന്നിവ മാനേജ്മെന്റ് പണികഴിപ്പിച്ചിട്ടു ്. എല്ലാക്ലാസ്സ്മുറികളും ടൈൽ വിരിച്ച് സ്മാർട്ട്ക്ലാസ്സ് റൂമാക്കിയിട്ടു ്. സ്ക്കൂൾ കെട്ടിടം വൈദ്യുതീകരിക്കപ്പെട്ടതാണ്.

## B. ഭൗതികം - പരിമിതികൾ

1. സൗകര്യപ്രദമായ സ്റ്റാഫ് റൂമിന്റെ അഭാവം
2. വിവിധ തലങ്ങളിൽ പരിശീലനം നൽകാൻ സ്പെഷ്യൽ അധ്യാപകരുടെ അഭാവം.
3. ലാബ്, ഭോജനശാല എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളില്ല.
4. ആകർഷകമായ ജൈവ വൈവിധ്യപാർക്ക് രൂപീകരിക്കേ തു ്.

## C. അക്കാദമികം - നേട്ടങ്ങൾ

1. കലാ-കായിക രംഗത്ത് കുട്ടികൾ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നു.
2. പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക ത്തി പ്രത്യേക പരിശീലനം നൽകുന്നു.
3. ദിനാചരണങ്ങളിൽ കുട്ടികൾ വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നു.
4. അസംബ്ലിയോട് ചേർന്ന് എല്ലാദിവസവും പൊതുവിജ്ഞാന ക്വിസ് പരമ്പര നടത്തുന്നു.
5. മാസാവസാനം ക്വിസ് മത്സരം നടത്തുന്നു .

6. **ഓണ പരീക്ഷമൂല്യ നിര്ണയത്തിനുശഷം L S S ന് യോഗ്യരായ കുട്ടികളെ തിരഞ്ഞെടുത്തുവിദ്യാലയത്തിലെ അദ്ധ്യാപകർക്കു വിഭജിച്ചു നൽകി പ്രത്യേകം പരിശീലനം നൽകുന്നു.**
7. **2017 ---2018 മുതൽ തുടർച്ചയായി രണ്ടും മൂന്നും കുട്ടികൾ വീതം എൽ .എസ് .എ സ് സ്കോളർഷിപ് കരസ്ഥമാക്കിവരുന്നു**
8. **സ്പോക്കൺ ഇംഗ്ലീഷ്, ഉല്ലാസഗണിതം** എന്നിവ വഴി ഇംഗ്ലീഷ് ഭാഷയിലും ഗണിതത്തിലും മികവുള്ളവരാക്കുന്നു.

## D. അക്കാദമികം - പരിമിതികൾ

'അക്കാദമിക മികവാണ് വിദ്യാലയ മികവ്' എന്ന ബോധ്യത്തെ മുൻനിറുത്തി പഠനപ്രവർത്തനങ്ങൾ കെ ത്താൻ യത്നിക്കണം. കലാ-കായിക പരിശീലനത്തിന് സ്പെഷ്യൽ അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല. ലബോറട്ടറിയുടെ സൗകര്യം ലഭ്യമാക്കണം. ടേം പരീക്ഷകളിലെ കുട്ടികളുടെ മികവ് അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറയ്ക്കൽ എന്നിവ ഇനിയും വർദ്ധിക്കേ തു ്.

## 7. മികവിനായി എടുക്കേ     പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ്ഭാഷാ പഠനപരിപോഷണം.<br>• സാഹിത്യപോഷണപരിപാടികൾ<br>• പഠനയാത്രകൾ<br>• കലാ-കായിക-പ്രവൃത്തി പരിചയ മേള<br>• ക്ലാസ്സ് പി.ടി.എ സജീവമാക്കൽ<br>• അധ്യാപക ശാക്തീകരണം<br>• **ഒന്നൊരുക്കം**<br>• എസ്. ആർ. ജി. ശാക്തീകരണം<br>• ടേം മൂല്യനിർണയം.<br>• നിരന്തരമൂല്യനിർണയം<br>• ദിനാചരണങ്ങൾ<br>• കായികപഠനം<br>• ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• സ്മാർട്ട് ക്ലാസ്സ്റൂം<br>• **കരാട്ടെ പരിശീലനം**<br>• **സന്നദ്ധതപ്രവർത്തനം** | • ഓഫീസ് റൂം<br>• സ്മാർട്ട് ക്ലാസ്സ് മുറികൾ<br>• സ്റ്റാഫ് റൂം<br>• മൾട്ടിമീഡിയ റൂം<br>• ലൈബ്രറി<br>• ഡൈനിംഗ് ഹാൾ<br>• ലബോറട്ടറി<br>• ജ്ന്മദിനത്തിലൊരു പുസ്തകം<br>• ചുമർചിത്രരചന<br>• ജൈവവൈവിധ്യപാർക്ക്<br>• ചിൽഡ്രൻസ് പാർക്ക്<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക്മേള<br>• പച്ചക്കറികൃഷി<br>• ക്ലാസ്സ്മുറിയിൽ പുസ്തക റാക്ക്<br>• ക്ലാസ്സ് മുറിയിൽ ടൈൽ വിരിക്കൽ<br>• പോഷകാഹാരപരിപാടി<br>• എന്റെ വീട്ടിലും പച്ചക്കറി ത്തോട്ടം<br>• ശുദ്ധജലസംവിധാനം | • പി. ടി. എ. ശക്തിപ്പെടുത്തൽ<br>• ഭവനസന്ദർശനം<br>• വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• പഠനകൂട്ടം<br>• പൂർവ്വവിദ്യാർത്ഥിസംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ<br>- ക്ലബ്ബുകൾ<br>-സന്നദ്ധസംഘടനകൾ<br>-വിദ്യാഭ്യാസപ്രവർത്തകർ<br>-പൂർവ്വ അധ്യാപകർ<br>-സഹകരണസ്ഥാപനത്തിന്റെ വ്യവസായ ഗ്രൂപ്പുകൾ<br>-നല്ല കർഷകർ<br>-ഡോക്ടേഴ്സ്<br>എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• എസ്. എസ്. ജി ബന്ധം |

പ്രവർത്തനം.1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയോട് താല്പര്യമു ാകു വാനും വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷിനേടൽ | അസംബ്ലിയിൽ ഇംഗ്ലീഷ് പത്രവായന, ചിന്താവിഷയം, പ്രതിജ്ഞ എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ക്ലാസ്സുകൾ മാറി മാറി അവതരിപ്പിക്കൽ | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചേഴ്സ് | - |

പ്രവർത്തനം.2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മകരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തൽ | ഓരോ ക്ലാസ്സുകാരും പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. ഉദാ. സ്കിറ്റ്, സംഭാഷണം, നാടകം , കഥ | ദ്വൈവാര പരിപാടി | ക്ലാസ്സ് ടീച്ചേഴ്സ് | |

## പ്രവർത്തനം. 3

പ്രവർത്തനത്തിന്റെ പേര ് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേയ്ക്ക് എത്തിക്കൽ | അവധിക്കാലത്ത് 3 ദിവസത്തെ ഇംഗ്ലീഷ്ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 3 ദിവസം (അവധിക്കാലം) | ഹെഡ്മിസ്ട്രസ് , പി. ടി. എ | 10,000/- |

## പ്രവർത്തനം.4

പ്രവർത്തനത്തിന്റെ പേര് : സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പറയാൻ കഴിയുന്നതിൽ പ്രാവീണ്യം നേടൽ | എല്ലാ ആഴ്ചയിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് സംഘടിപ്പിക്കുന്നു | പ്രതിവാര പരിപാടി | Teachers | School |

## പ്രവർത്തനം.5

പ്രവർത്തനത്തിന്റെ പേര ്	: പദപ്രശ്ന നിർമ്മാണം

ഉപമേഖല	: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾ ഉത്തരം ക ത്തുവാൻ നിശ്ചിതദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | ദ്വൈവാര പരിപാടി | ഇൻചാർജ്ജ് ടീച്ചർ | - |

## പ്രവർത്തനം.6

പ്രവർത്തനത്തിന്റെ പേര്	: ഇംഗ്ലീഷ് കോർണർ

ഉപമേഖല	: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സുമുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ, പുസ്തകങ്ങൾ സ്റ്റോറി ബുക്സ് എന്നിവ ശേഖരിച്ച് കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചേഴ്സ് | |

പ്രവർത്തനം.7

പ്രവർത്തനത്തിന്റെ പേര ് : ഇംഗ്ലീഷ് ഭാഷോത്സവം

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക അവതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക അവതരണം നടത്തുന്നതി നുള്ള ശേഷി കൈവരിക്കൽ | ഒരു മാസത്തെ ഇംഗ്ലീഷ് പഠന പ്രവർത്തനങ്ങ ളുടെ ഭാഗമായി പഠിച്ചി ട്ടുള്ള Stories, Poems, Drama, Action Song, Skit, Conversation etc. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചേഴ്സ് | |

പ്രവർത്തനം.8

പ്രവർത്തനത്തിന്റെ പേര ് : രചന ശില്പശാല

ഉപമേഖല : മലയാളഭാഷ- വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശക ലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ | കഥ, കവിത, കടങ്കഥ, പഴഞ്ചൊല്ല്, യാത്രാവി വരണം, നാടകരചന, വർണ്ണന, കുറിപ്പെഴു തൽ ഇവയടങ്ങുന്ന രചനാശി ല്പശാല സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പന്ന | ദ്വൈമാസ പരിപാടി | ബാലസഭ | |

| | | | | |
|---|---|---|---|---|
| | ങ്ങൾ അച്ചടിച്ച് പ്രസി ദ്ധീകരിക്കൽ, ക്ലാസ്സ് മുറിയിലെ പഠനസാമ ഗ്രിയായി മേല്പറഞ്ഞ ഉല്പന്നങ്ങളെ ഉപയോ ഗിക്കൽ | | | |

പ്രവർത്തനം.9

പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ ശേഷികളിൽ മികവുനേടുക. സർഗ്ഗശേഷികളുടെ പോഷണം | പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരന്മാരെ എഴുത്തുകാരെ സ്ക്കൂളിലെത്തിക്കൽ. അവരുടെ വായന എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് & പി. ടി. എ | |

പ്രവർത്തനം.10

പ്രവർത്തനത്തിന്റെ പേര ് : ലൈബ്രറി പോഷണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ബാല സാഹിത്യരൂപ ങ്ങൾപരിചയ പ്പെടൽ അവ സരമൊരു ക്കൽ | ലൈബ്രറിയിലേയ്ക്ക് കൂടുതൽ ബാലസാഹിത്യ കൃതികൾ കുട്ടികളുടെ ജന്മദിനം സംബന്ധിച്ചും ഭവനസന്ദർശനത്തിലൂ ടെയും കണ്ടെത്തൽ, പുസ്തകങ്ങൾ, സർഗ്ഗീകരിച്ച് ക്രമീകരി ക്കൽ | ദ്വൈവർഷപരി പാടി | ലൈബ്രറേറി യൻ, ഹെഡ്മി സ്ട്രസ്സ് & പി. ടി. എ | 2500/- സ്പോൺ സർഷിപ്പ് |

പ്രവർത്തനം.11

പ്രവർത്തനത്തിന്റെ പേര ് : നാടകകളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവി ശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപം മറ്റൊന്നാ ക്കൽ | പരിചയപ്പെട്ടി ട്ടുള്ള ബാലസാ ഹിത്യ നോവലു കൾ, കഥകൾ, കവിതകൾ എന്നിവയുടെ ദൃശ്യാവി ഷ്ക്കാരം | പ്രതിമാസപരി പാടി | വിദ്യാരംഗക ലാസാഹിത്യ വേദി | |

പ്രവർത്തനം. 12

പ്രവർത്തനത്തിന്റെ പേര ് : അഭിമുഖങ്ങൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗശേഷികളുടെ പോഷണം<br>ക്ലാസ് അടിസ്ഥാനത്തിൽ നിശ്ചയിക്കപെട്ടിരിക്കുന്ന സ്ഥലത്ത് മാതാപിതാക്കളുടെ സഹായത്തോടെ കൃഷിയെപ്പറ്റി അടുത്തറിയുന്നു. | പ്രശസ്ത സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ | വർഷത്തിൽ ഒരു തവണ | | |

പ്രവർത്തനം.13

പ്രവർത്തനത്തിന്റെ പേര ് :പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. എസ്. ജി | |

## പ്രവർത്തനം.14

പ്രവർത്തനത്തിന്റെ പേര ് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കവിശക ലനം |
|---|---|---|---|---|
| വിവിധ ശേഷിക ളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധ പ്പെട്ട് നടത്തേ പ്രവർ ത്തനങ്ങൾ എസ്. ആർ. ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാ നുസ രണം | എസ്. ആർ. ജി | - |

## പ്രവർത്തനം.15

പ്രവർത്തനത്തിന്റെ പേര ് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം/ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരച ലനശേഷികളു ടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാ മിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരി ശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മി ക്കുന്നു. അവയുടെ ഗണിത സവിശേ ഷതകൾ പട്ടികപ്പെടുത്തൽ പ്രദർ ശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | |

### പ്രവർത്തനം.16

പ്രവർത്തനത്തിന്റെ പേര് : അബാക്കസ്സിലൂടെ

ഉപമേഖല : അക്കാദമികം/ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരചലനശേഷി കളിലൂടെ രസക രമായ ഗണിത ശാസ്ത്രപഠനം വികസിപ്പിക്കൽ | അബാക്കസ്സിലൂടെ ഗണിത ശേഷികളായ ചതുഷ്ക്രി യകൾ കൈവരിക്കുന്നതി നുള്ള പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ, സ്ക്കൂൾ | രക്ഷിതാക്കൾ |

### പ്രവർത്തനം.17

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവി ശകലനം |
|---|---|---|---|---|
| ഗണിതപഠനപ്ര വർത്ത നങ്ങൾ | വിദ്യാലയത്തി ലെ ഒരു മുറി യിൽ ഗണിത ലാബ് സജ്ജമാ ക്കൽ ലാബിൽ വച്ച് ഗണിതക്ലാ സ്സ് നടത്തൽ | ആവശ്യാനു സരണം | എസ്. ആർ. ജി & ഗണിത ക്ലബ്ബ് | - |

## പ്രവർത്തനം.18

പ്രവർത്തനത്തിന്റെ പേര ് : മേളകൾ

ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

## പ്രവർത്തനം.19

പ്രവർത്തനത്തിന്റെ പേര ് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ശാസ്ത്ര ക്ലബ്ബ് | പി. ടി. എ |

## പ്രവർത്തനം.20

പ്രവർത്തനത്തിന്റെ പേര ് : ഗണിതപാർക്ക്

ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുര തരമാക്കൽ | ജ്യാമിതീയരൂപ ങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റ ത്ത് പാർക്ക് സജ്ജ മാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | |

## പ്രവർത്തനം.21

പ്രവർത്തനത്തിന്റെ പേര ് : ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കവിശക ലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ്ലാബിലെ വിവിധ ഉപകരണ ങ്ങളും രാസവ സ്തുക്കളും ഇനം തിരിച്ച് ക്രമീകരി ക്കൽ, ഇരിപ്പിട ങ്ങൾ | വർഷത്തിൽ പ്രാവശ്യം | സയൻസ്ക്ലബ്ബ് | |

പ്രവർത്തനം.22

പ്രവർത്തനത്തിന്റെ പേര ് : ജൈവ വൈവിധ്യപാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്ക്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ. ജി | |

പ്രവർത്തനം.23

പ്രവർത്തനത്തിന്റെ പേര ് : ക്ലാസ്സ് പി.ടി.എ സജ്ജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി. ടി. എ കൃത്യമായ അജ വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയു ാകണം. | പ്രതിരോധ പദ്ധതി പാടി | ക്ലാസ്സ് ടീച്ചർ | - |

## പ്രവർത്തനം.24

പ്രവർത്തനത്തിന്റെ പേര് : നമുക്ക് സ്മാർട്ടാകാം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൃശ്യ-ശ്രാവ്യ-ഉപകരണങ്ങളിലൂടെയുള്ള പഠനം മെച്ചപ്പെടുത്തൽ | ദൃശ്യ-ശ്രാവ്യ-ഉപകരണങ്ങളിലൂടെയുള്ള പഠനം മെച്ചപ്പെടുത്തലിന്റെ ഭാഗമായി ക്ലാസ്സുമുറികളിൽ സ്മാർട്ട് ടി. വി സജ്ജീകരിച്ചു കൊ ് പഠനം രസകരമാക്കുന്നു. | 2018 ഏപ്രിൽ, മെയ് | മാനേജ്മെന്റ് | 2 ലക്ഷം |

## പ്രവർത്തനം.25

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

ഉപമേഖല : അക്കാദമികം/സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന യാത്രകൾ. | വർഷത്തിൽ 1 പ്രാവശ്യം | | |

### പ്രവർത്തനം.26

പ്രവർത്തനത്തിന്റെ പേര ് : ചിത്രരചനാപരിശീലനം

ഉപമേഖല : അക്കാദമികം/കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീ ുനിൽക്കുന്ന ചിത്രരചനാപരിശീലനം | മധ്യവേനൽ അവധി ക്കാലം (5 ദിവസം) | എസ്. ആർ. ജി | |

### പ്രവർത്തനം.27

പ്രവർത്തനത്തിന്റെ പേര ് : കായിക പരിശീലനം

ഉപമേഖല : അക്കാദമികം/കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കായികപരി ശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായികപരി ശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ച യിൽ 3 ദിവസം | പി. ടി. എ | സ്പോൺസർഷിപ് |

### പ്രവർത്തനം.28

പ്രവർത്തനത്തിന്റെ പേര ് : ജന്മദിനത്തിനൊരു പുസ്തകം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീക രണം | ക്ലാസ്സ് ടീച്ചറും കുട്ടി കളും ജന്മദിനത്തിൽ പുസ്തകം വീതം | എല്ലാ ജന്മദി നങ്ങളിലും | ക്ലാസ്സ് ടീച്ചർ സ്ക്കൂൾ ലീഡർ | - |

| | | | | |
|---|---|---|---|---|
| | ക്ലാസ്സ് ഗ്രന്ഥശാലയി ലേയ്ക്ക സംഭാവന ചെയ്യു ന്നു. കുടും ബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്ത നത്തിൽ പങ്കാളികളാക്കാം. | | | |

പ്രവർത്തനം.29

പ്രവർത്തനത്തിന്റെ പേര ് : പച്ചക്കറിത്തോട്ടം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവി ശകലനം |
|---|---|---|---|---|
| കാർഷികസം സ്കൃതിയെ വീെ ടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ച ക്കറിത്തോട്ടം ഉ ാ ക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. എസ്. ജി | |

പ്രവർത്തനം.30

പ്രവർത്തനത്തിന്റെ പേര ് : മെഡിക്കൽ ക്യാമ്പ്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടി കൾക്കും രക്ഷിതാ | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മി സ്ട്രസ്സ് ଓ പി. ടി. എ | |

| | | | | |
|---|---|---|---|---|
| | ക്കൾക്കും സൗജന്യ മായ വൈദ്യപരിശോ ധന നടത്തൽ | | | |

പ്രവർത്തനം.31

പ്രവർത്തനത്തിന്റെ പേര ് : പോഷകാഹാരപരിപാടി

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശ കലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠന ത്തിന് അനി വാര്യം | ആഴ്ചയിലോരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭ ക്ഷണം നൽകൽ. | എല്ലാ പ്രവൃ ത്തിദിനങ്ങ ളിലും | ഹെഡ്മി സ്ട്രസ്സ് & ഉച്ച ഭക്ഷണചുമത ലയുള്ള ടീച്ചർ | നൂൺഫീഡിങ്ങ് ഫ ് |

പ്രവർത്തനം.32

പ്രവർത്തനത്തിന്റെ പേര ് : കുടിവെള്ളം ലഭ്യമാക്കൽ

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശക ലനം |
|---|---|---|---|---|
| ശുദ്ധജ ലത്തിനുള്ള സൗകര്യമൊ രുക്കൽ | കുട്ടികൾക്ക് ശുദ്ധജലം സുലഭമായി ലഭിക്കുന്ന തിന് വാട്ടർ പ്യൂരി ഫൈർ സജ്ജമാക്കു ന്നു. | 2018 മാർച്ച് | പി. ടി. എ & സ്ക്കൂൾ | രൂപ - 25000/- റോട്ടറി ക്ലബ്ബ് സ്പോൺസർഷിപ്പ് |

പ്രവർത്തനം.33

പ്രവർത്തനത്തിന്റെ പേര ്     : വർക്ക്ഷീറ്റ് നിർമ്മിക്കൽ

ഉപമേഖല     : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകൾ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചുകഴിഞ്ഞ ബാലസാഹിത്യ വാരിക കളിലെയും ചിത്രങ്ങൾ ഒട്ടിച്ച് അനുയോജ്യമായ അടിക്കുറിപ്പ്, കഥ, കവിത, വിവരണം എന്നിവ ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കു ന്നു. | മാസത്തിൽ 2 പ്രാവശ്യം | ക്ലാസ്സ് ടീച്ചർ | - |

പ്രവർത്തനം.34

പ്രവർത്തനത്തിന്റെ പേര ്     : 10 കവികൾ

ഉപമേഖല     : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെയും കൃതികളെ യും പരിചയപ്പെടാൻ അവസരമൊരു ക്കൽ | 10 കുട്ടികൾക്ക് 10 കവിതക ളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടി യും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ കവിതയും കവിയു ടെ ലഘു ജീവിതചരിത്രവും തയ്യാറാക്കുന്നു, ഇത് പുസ്തകരൂപത്തിൽ പ്രസി ദ്ധീകരിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | |

## പ്രവർത്തനം.35

പ്രവർത്തനത്തിന്റെ പേര ് : ചരിത്രകല ർ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള മുഴുവൻ തിയതിയും എഴുതി കല ർ രൂപത്തിൽ തയ്യാറാക്കുക. ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകല ർ രൂപപ്പെടും. | പ്രതിദിനം | എസ്. ആർ. ജി | - |

## പ്രവർത്തനം.36

പ്രവർത്തനത്തിന്റെ പേര് : മൺമറഞ്ഞ ആഹാരം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലു ാ യിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറി | വർഷത്തിൽ ഒരു പ്രാവശ്യം | പി. ടി. എ | |

| | | | | |
|---|---|---|---|---|
| | യണം. ഓരോന്നും പാകം ചെയ്യുന്ന വിധം, അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | | | |

പ്രവർത്തനം.37

പ്രവർത്തനത്തിന്റെ പേര് : വായനാക്കൂട്ടം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതല്പരർ, നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസ രണം | പി. ടി. എ, ടീച്ചർ | |

### പ്രവർത്തനം.38

പ്രവർത്തനത്തിന്റെ പേര ് : പൂർവ്വ അധ്യാപകസംഗമം

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വ അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | മൂന്നു വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | - |

### പ്രവർത്തനം.39

പ്രവർത്തനത്തിന്റെ പേര ് : പഠനക്കൂട്ടങ്ങൾ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| മികവുകളുടെ അവസരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കുക. ഓരോ ടേമിലും ഒന്നുവീതം അരദിവസം നീ ുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കു വേ ി സമകാലിക പ്രസക്തിയുള്ള ക്ലാസ്സ് നടത്തൽ. | ഓരോ ടേമിലും ഒന്നു വീതം | എസ്. ആർ. ജി. | സ്പോൺസർഷിപ്പ് |

## പ്രവർത്തനം.40

പ്രവർത്തനത്തിന്റെ പേര ് : യോഗപരിശീലനകേന്ദ്രം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യം വികസനം | പ്രൈമറി വിഭാഗത്തിന് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ വിശാലമായ ക്ലാസ്സ് റൂം ഒരുക്കൽ | 2 വർഷം | പി.ടി.എ | സ്പോൺസർഷിപ്പ് |

## പ്രവർത്തനം.41

പ്രവർത്തനത്തിന്റെ പേര ് : സ്ക്കൂൾ കല ർ

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പകുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണദിവസകല റും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി | അധ്യാപിക പങ്കാളിത്തം |

## പ്രവർത്തനം.42

പ്രവർത്തനത്തിന്റെ പേര ് : ഡൈനിംഗ് ഹാൾ

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമ തല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം+ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | മൂന്നു വർഷം | പി. ടി. എ | |

## പ്രവർത്തനം.43

പ്രവർത്തനത്തിന്റെ പേര ് : സ്റ്റാഫ് റൂം നിർമ്മാണം

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവി ശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വിക സനം | പ്രൈമറി വിഭാഗത്തിന് ഉപയോഗി ക്കാൻ കഴിയുന്ന വിധത്തിൽ വിശാ ലമായ സ്റ്റാഫ് റൂം ഒരുക്കൽ | ഒരു വർഷം | പി. ടി. എ | |

## പ്രവർത്തനം.44

പ്രവർത്തനത്തിന്റെ പേര ് : മാലിന്യസംസ്ക്കരണം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമ തല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവമാലി ന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | എസ്. എസ്. ജി | |

## പ്രവർത്തനം.45

പ്രവർത്തനത്തിന്റെ പേര ് : ബയോഗ്യാസ് പ്ലാന്റ്

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യങ്ങളെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലു ാ കുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാച കാവശ്യത്തിനുള്ള ഊർജ്ജം ക െ ത്തൽ. | | ഉച്ചഭക്ഷണ പരിപാടി | |

## പ്രവർത്തനം.46

പ്രവർത്തനത്തിന്റെ പേര ് : ടൂൾകിറ്റ്, പണിയായുധങ്ങൾ

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റ പണികൾ | വൈദ്യുതി, ജലവിതര ണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവ യുടെ പ്രവർത്തനം കാര്യ ക്ഷമമാക്കുന്നതിനുള്ള ആയുധവും ഉപകരണ ങ്ങളും ഒരു മുറിയിൽ സൂക്ഷിക്കുക | ഒരു വർഷം | പി. ടി. എ | |

പ്രവർത്തനം.47

പ്രവർത്തനത്തിന്റെ പേര ് : കിഡ്സ് പാർക്ക്

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ-കായിക-വിനോദ-ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിനുമുന്നിലുള്ള മുറ്റത്തിന് കിഡ്സ് പാർക്ക് ഒരുക്കൽ | 3 വർഷം | ഒ. എസ്. എ | സ്പോൺസർഷിപ്പ് |

പ്രവർത്തനം.48

പ്രവർത്തനത്തിന്റെ പേര ് : മൈതാന നിർമ്മാണം

ഉപമേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യമൊരുക്കൽ | മുഴുവൻ കുട്ടികൾ ക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങളൊരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | 3 വർഷം | മാനേജ്മെന്റ് | |

## പ്രവർത്തനം.49

പ്രവർത്തനത്തിന്റെ പേര് :മികവുറ്റ സ്ക്കൂളിലേയ്ക്ക് പഠനയാത്ര

ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിവിധ ത്തിൽ പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേയ്ക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരുപ്രാവശ്യം | എസ്. ആർ. ജി | പി. ടി. എ ഫ ് |

## പ്രവർത്തനം.50

പ്രവർത്തനത്തിന്റെ പേര ് : ചിത്രീകരിച്ച സ്ക്കൂൾ ചുമരുകൾ

ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളുടെ താല്പര്യത്തെ ഉണർത്തക്ക വിധത്തിൽ ചുമർ ചിത്രീകരിക്കൽ | സ്ക്കൂൾ ചുമരുകൾ മനോഹരമായതും പഠനാനുബന്ധവുമായതുമായ ചിത്രങ്ങൾകൊ ് അലങ്കരിക്കുന്നു. | | സ്ക്കൂൾ | |

SUB TITLE : ENGLISH

| AIMS | ACTIVITIES | PERIOD | INCHARGE | ECONOMIC ANALYSIS |
|---|---|---|---|---|
| • To Listen, Read, Write and Speak.<br><br>• Insufficient vocabulary | • Describe the picture.<br>• Arrange the words in alphabetical order.<br>• 'Hello English' activities.<br>• Self-introduction activities.<br>• Assembly activities.<br>• Spelling bee competition.<br>• Coin a word.<br>• Picture dictionary.<br>• Word games.<br>• Conducting English fest.<br>• Word games.<br>• Word study using by computers. | Academic year. | Class Teachers. | |

| | | | | |
|---|---|---|---|---|
| • Defective sentence pattern<br><br>• Illegible hand writing | • Dictionary making using the words in the textbook<br>• Making sentence card<br>• Sentence making by using computer<br>• Writing by using ICT<br>• Cursive writing | | | |

# ഉപമേഖല : പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവ് വളർത്തി എടുക്കുക.<br>• പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | • നമ്മുടെ നാടിൻറെ പരിസ്ഥിതിയെ അടുത്തറിയാൻ ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുക. ( നെൽകൃഷി, മൺപാത്ര നിർമാണം, കാലി വളർത്തൽ )<br>• ശാസ്ത്രോപകരണ നിർമാണ ശില്പശാല.<br>• പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ.<br>• പരിസരനടത്തം (പ്രൊജക്റ്റ് , ഫീൽഡ്ട്രിപ്പ് ).<br>• ക്ലബ് രൂപീകരണം.<br>• വിദഗ്ദ്ധരുമായുള്ള അഭിമുഖം.<br>• പുഷ്പോദ്ധ്യാനം, ഔഷധത്തോട്ടം നിർമ്മാണം<br>• പ്രകൃതി നടത്തം | | ക്ലാസ് ടീച്ചേഴ്സ് . | |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • മനഗണിതത്തിന്റെ സാധ്യതകൾ പരിചയപ്പെടുത്തുന്നു.<br>• പഠനോപകരണ നിർമാണം.<br>• സംഖ്യകളുടെ സ്ഥാനവില . | • ശില്പശാല<br>• ചതുഷ്ക്രിയകൾ നൽകൽ.<br>• കളിനോട്ട് , പാമ്പും കോണിയും.<br>• ഉല്ലാസഗണിതം, ഗണിത വിജയ പ്രവർത്തനങ്ങൾ.<br>• ഗണിതക്വിസ്, ഗണിതകളികൾ. | | ക്ലാസ് ടീച്ചേഴ്സ്. | |


## ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കഥ , കവിത എന്നിവ കേട്ടും വായിച്ചും സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കൽ. | • വാക്ക്, വാചകം, ആശയം - പറയൽ, കണ്ടെത്തൽ<br>• സചിത്ര നോട്ടുപുസ്തകം.<br>• സർഗാത്മക രചന.<br>• ബാലസഭയിലെ അവതരണം.<br>• ചിത്ര നിരീക്ഷണം അവതരണം, വിശദീകരണം.<br>• ഈണം കണ്ടെത്തി അവതരിപ്പിക്കൽ.<br>• ക്ലാസ്സ് തല,സ്കൂൾ തല ലൈബ്രറിയെ പ്രയോജനപ്പെടുത്തൽ. | | ക്ലാസ് ടീച്ചേഴ്സ്. | |

# കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ

| Year | Pre-Primary | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2008-09 | | 21 | 23 | 31 | 26 | | | | | | | | | 101 |
| 2009-10 | | 12 | 23 | 27 | 42 | | | | | | | | | 104 |
| 2010-11 | | 27 | 21 | 29 | 31 | | | | | | | | | 108 |
| 2011-12 | | 33 | 28 | 21 | 25 | | | | | | | | | 107 |
| 2012-13 | | 32 | 31 | 26 | 20 | | | | | | | | | 109 |
| 2013-14 | | 33 | 28 | 34 | 23 | | | | | | | | | 118 |
| 2014-15 | | 29 | 35 | 27 | 33 | | | | | | | | | 124 |
| 2015-16 | | 34 | 35 | 35 | 28 | | | | | | | | | 132 |
| 2016-17 | | 30 | 38 | 30 | 32 | | | | | | | | | 130 |
| 2017-18 | | 23 | 33 | 38 | 28 | | | | | | | | | 122 |
| 2018-19 | | 27 | 21 | 27 | 26 | | | | | | | | | 101 |
| 2019-20 | | 15 | 25 | 20 | 25 | | | | | | | | | 85 |
| 2020-21 | | 17 | 13 | 25 | 20 | | | | | | | | | 75 |
| 2021-22 | | 16 | 18 | 14 | 26 | | | | | | | | | 74 |
| 2022-23 | | 22 | 18 | 22 | 13 | | | | | | | | | 75 |
| 2023-24 | | 15 | 18 | 16 | 19 | | | | | | | | | 68 |
| 2024-25 | | 21 | 15 | 17 | 14 | | | | | | | | | 67 |
| 2025-26 | | 22 | 20 | 15 | 16 | | | | | | | | | 73 |

ST. PAUL'S L P S THURUTHIPARAMBU, Sketch Plan



## പ്രതീക്ഷിതനേട്ടങ്ങൾ

- വിദ്യാർഥികൾ ഭാഷാ പരിജ്ഞാനത്തിലും ഗണിതത്തിലും മികവുറ്റവരാക്കുക
- ചെറിയ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര ലോകത്തിലേയ്ക്ക് കുട്ടികൾക്ക് പ്രവേശിക്കാൻ താല്പര്യമുണർത്തുക.
- കലാ-കായിക-പ്രവൃത്തിപരിചയ-ശാസ്ത്ര-ഗണിത മേളകളിൽ പങ്കെടുത്ത് കുട്ടികൾക്ക് തങ്ങളുടെ മികവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുക.
- ചുറ്റുപാടുമുള്ള സസ്യലതാദികളെയും പക്ഷി മൃഗാദികളെയും അവയുടെ പ്രത്യേകതളെയും തിരിച്ചറിഞ്ഞ് അവയെക്കൊ  ുള്ള ആവശ്യം കുട്ടികൾ മനസ്സിലാക്കുകയും അവയെ സ്നേഹിക്കാനും പരിസ്ഥിതി സംരക്ഷണം നടത്താനും പ്രചോദനമേകുന്നു.
- നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ പഠനം രസകരമാക്കാൻ സാധിക്കുന്നു. കമ്പ്യൂട്ടർ പഠനം എളുപ്പമുള്ളതാക്കുന്നു.

## മോണിറ്ററിങ്ങ് രീതി

അധ്യാപികമാർ തയ്യാറാക്കിയ ടീച്ചിങ്ങ് മാന്യുവൽ പരിശോധിച്ച് ക്ലാസ്സുകളിൽ പ്രധാനാധ്യാപിക മോണിറ്ററിങ്ങ് നടത്തിവരുന്നു. നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കുകയും കുറുവുകൾക്ക് തിരുത്തലിനുവേ  നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

## ഉപസംഹാരം

2018 – '19 അധ്യയനവർഷം മുതൽ 2025 – 26 വരെ 'വിഷൻ 100 - അക്കാദമിക മാസ്റ്റർ പ്ലാൻ' തയ്യാറാക്കുക എന്ന ലക്ഷ്യം വച്ചുകൊ ് രൂപകല്പന ചെയ്ത പരിപാടികളാണ് ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഇവ പ്രവൃത്തിപഥത്തിലെത്തിക്കാൻ അധ്യാപകരും മാതാപിതാക്കളും വിദ്യാർഥികളും പി. ടി. എ, എം. പി. ടി. എ, ഒ. എസ്. എ കമ്മിറ്റി അംഗങ്ങളും കൂട്ടായ പ്രവർത്തനങ്ങളിലേർപ്പെടുന്നു. ഇതിനാവശ്യമായ സാമ്പത്തികസഹായം എസ്. എസ്. എ വഴിയോ, മാതാപിതാക്കളിൽ നിന്നോ, പൂർവ്വവിദ്യാർഥികളിൽ നിന്നോ നല്ലവരായ നാട്ടുകാരിൽ നിന്നോ സംഭരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ ലക്ഷ്യം കൈവരിക്കാനുള്ള തീവ്രയത്നം ലക്ഷ്യം പ്രാപിക്കും എന്ന് പ്രത്യാശിക്കുന്നു.

